## CHAPTER - 6

### 6:1-2 അടിമകളെയും യജമാനന്മാരെയും സംബന്ധിച്ച്

അടിമകളും യജമാനന്മാരും തമ്മിൽ യാതൊരു സാമൂഹ്യസഹകരണവും നിലനിൽക്കാതിരുന്ന കാലഘട്ടം. ഈ രംഗത്ത് ഇതാ സുവിശേഷം എല്ലാവരെയും ഒന്നിച്ചു ഒരേ സമൂഹത്തിൽ കൊണ്ടുവന്നിരിക്കുന്നു. ഈ രംഗത്ത് ഉണ്ടായ സകല മാറ്റങ്ങളെയും വി. അപ്പൊസ്തലന്മാർക്കു കൈകാര്യം ചെയ്യേണ്ടിവന്നു.

1 Cor 7:20-24 (ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ ദൈവസന്നിധിയിൽ വസിക്കട്ടെ.)

1 Cor 7:20-24 *ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ വസിച്ചുകൊള്ളട്ടെ. നീ ദാസനായി വിളിക്കപ്പെട്ടുവോ? വ്യസനിക്കരുതു. സ്വതന്ത്രൻ ആകുവാൻ കഴിയുമെങ്കിലും അതിൽ തന്നേ ഇരുന്നുകൊൾക. ദാസനായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രൻ ആകുന്നു. അങ്ങനെ തന്നേ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസനാകുന്നു. നിങ്ങളെ വിലെക്കു വാങ്ങിയിരിക്കുന്നു; മനുഷ്യർക്കു ദാസന്മാരാകരുതു. സഹോദരന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ ദൈവസന്നിധിയിൽ വസിക്കട്ടെ.*

Gal 3:28 *യഹൂദനും യവനനും എന്നില്ല. ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രെ.*

Col 3:22-25 (ദാസന്മാരെ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ)

Col 3:22-25 *ദാസന്മാരെ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ മനസ്സോടെ ചെയ്‌വിൻ അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിനു അതു പ്രാപിക്കും; മുഖപക്ഷമില്ല.*

വിശുദ്ധ പൗലൂസ് ഈ ലേഖനത്തിൽ അടിമകൾക്കും യജമാനന്മാർക്കും ഒരുപോലെ ഉപദേശം കൊടുക്കുന്നു. 6:1 അടിമകൾക്കുള്ള ഉപദേശം. യജമാനന്മാരെ സകല മാനത്തിനും യോഗ്യന്മാർ എന്ന് എണ്ണുക. വിശ്വാസികളായ യജമാനന്മാരുള്ള അടിമകൾ- സഹോദരന്മാർ എന്നു വെച്ച് അലക്ഷ്യമാക്കരുത്. അവരെ "വിശ്വാസികളും പ്രിയരും" എന്നു തിരിച്ചറിഞ്ഞ് സേവിക്കുക.

യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നു കർത്താവ് ശിഷ്യന്മാരുടെ കാലുകളെ കഴുകുന്നു. (John 13:4-1) സന്തോഷത്തോടെ സേവനം ചെയ്യുക എന്നത് ഒരു ക്രിസ്തീയ ദർശനം തന്നെ.

വി. പൗലൂസ് തിമൊഥിയെ ഇതു "ഉപദേശിക്കാനും പ്രബോധിപ്പിക്കാനും" പ്രേരിപ്പിക്കുന്നു.

### 6:3-10 ദുരൂപദേശവും ദ്രവ്യാഗ്രഹവും എങ്ങനെ കാണണം

6:13 ഒന്നാം അദ്ധ്യായത്തിൽ തന്നെ ദുരൂപദേശത്തെപ്പറ്റി വി. പൗലൂസ് വിവരിച്ചു. ഇവിടെ അതു തുടരുകയാണ് (See Tim 1:3) മൂന്നു കൂട്ടരെ ഇവിടെ കാണാം.

1 കപട ഉപദേശം പ്രചരിപ്പിക്കുന്നവർ

2 നമ്മുടെ കർത്താവിലൂടെ നൽകപ്പെട്ട ഉപദേശങ്ങളെ അംഗീകരിക്കാത്തവർ

3 ഭക്തിക്കൊത്ത ഉപദേശങ്ങളെ സ്വീകരിക്കാത്തവർ.

സഭയ്ക്കുള്ളിൽ എന്നും പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാത്താൻ പലരെയും ഉപയോഗിക്കുന്ന കാഴ്ച ഒന്നാം നൂറ്റാണ്ടു മുതൽ നാം കാണുന്നു.

www.gospel.sajacobsreviews.com

ഇന്നും ഇതു തുടർന്നുകൊണ്ടിരിക്കുന്നു. സത്യത്തിനും, ഭക്തിക്കും, വിശുദ്ധജീവിതത്തിനും എതിരെയുള്ള യുദ്ധം ശത്രുവിന്റെ അജണ്ടയത്രെ.

6:4-5 എഫെസൂസിൽ ദുരുപദേശം മുറുകെ പിടിച്ചുകൊണ്ട് വാദിക്കുന്നവർ ഉണ്ടായിരുന്നു. അവർ പറയുന്നതും, സ്ഥാപിക്കുന്നതും എന്തെന്നു ഗ്രഹിക്കുന്നില്ല. എന്നാൽ എന്നും ആരെങ്കിലുമായി തർക്കം, വാഗ്വാദം, ചീർത്തിരിക്കുന്ന അവസ്ഥ, ആർക്കും വഴങ്ങിക്കൊടുക്കാൻ തയാറല്ല. തങ്ങൾ മാത്രം ശരി എന്നുള്ള ഗർവ്വ് അവരെ ഭരിക്കുന്നു. (2Tim 2:23, Titus 3:9 മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നു. മൗഢ്യതർക്കവും, വംശാവലികളും കലഹവും വാദവും ഒഴിഞ്ഞിരിക്ക)

2Tim 2:23 *മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നു എന്നറിഞ്ഞു അതു ഒഴിഞ്ഞിരിക്ക.*

Titus 3:9 *മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞു നില്ക്ക. ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ.*

മൗഢ്യതർക്കവും, വംശാവലിയും കലഹവും, വാദവും - ഇവ തുടർന്നാലുണ്ടാകുന്ന ഫലം എന്ത്? അസൂയ, ശണ്ഠ, ദൂഷണം, ദുസംശയം, വ്യർത്ഥവാദം ഇതാണു ഫലം.

1 Tim 1:5 ൽ തിമോത്തി എഫെസൂസിൽ താമസിക്കണമെന്നു പൗലോസ് എഴുതിയത് എന്തിനുവേണ്ടിയായിരുന്നു? ശുദ്ധഹൃദയം, നല്ലമനസ്സാക്ഷി, നിർവ്യാജ വിശ്വാസം ഇതായിരുന്നു ആഗ്രഹിച്ചത്.

എന്നാൽ മൗഢ്യതർക്കം എവിടെ എത്തിക്കുന്നു. ആഗ്രഹിച്ചതിന്റെ നേരെ വിപരീതമായ സ്ഥാനത്ത്.

ആകാത്തഫലം സഭയ്ക്കുള്ളിൽ - ഇതാണ ദുരൂപദേശത്തിന്റെ സംഭാവന. (Math 7:20 ഫലത്താൽ അവരെ തിരിച്ചറിയണം)

എങ്ങനെയുള്ളവരാണിതിന്റെ പിന്നിൽ:

a) ഇരുണ്ട മനസ്സുള്ളവർ - സത്യത്തോട് എതിർത്തുനിൽക്കുന്നവർ

b) ദൈവഭക്തി ആദായസൂത്രം എന്നു കരുതുന്നവർ

ധനസമ്പാദനം ലക്ഷ്യമാക്കി ഭക്തിയുടെ മാർഗ്ഗം ഉപയോഗിക്കുന്നത് ഒന്നാം നൂറ്റാണ്ടിൽ തന്നെ തുടങ്ങിയതായിരുന്നു. അന്നുള്ള സഭ ദൈവീകശുശ്രൂഷയിൽ ഉള്ളവരെ സാമ്പത്തികമായി നന്നായി സഹായിച്ചിരുന്നു എന്നും വേണം കരുതുവാൻ. സഭാനേതൃത്വത്തെ തെരഞ്ഞെടുക്കുമ്പോൾ, തീർച്ചയായും അന്വേഷിക്കേണ്ടത് അവരുടെ ധനത്തോടുള്ള സമീപനം ആയിരിക്കണം.

ഈ കാലത്ത് നമ്മെ അത്ഭുതപ്പെടുത്തും വിധം ക്രിസ്തീയ ഭക്തി പ്രസംഗിക്കുന്ന പ്രസംഗകൾ ധനം കൊണ്ടുള്ള ധാരാളിത്തം കാണിയ്ക്കുന്നു. പരസ്യങ്ങൾക്കു വാരി ചെലവാക്കുന്നു. ആഡംബര ജീവിതം നയിക്കുന്നു. ഭക്തിയും പണവും എങ്ങനെ ഒന്നിച്ചു യാത്ര ചെയ്യുന്നു? ഇത് മനസ്സിലാക്കാൻ തന്നെ വിഷമം!! അരക്കാശിനും മുതലില്ലാതെ, തലചായ്പാനിടം ഇല്ലാതെ നന്മ ചെയ്തു ചുറ്റിസഞ്ചരിച്ച ദൈവപുത്രന്റെ ശിഷ്യർ തന്നെയോ നാം. വിനയം എവിടെ. ജീവിത ലാളിത്യം എവിടെ. സമ്പന്ന കുടുംബത്തിൽ ജനിപ്പാൻ യേശുവിനു കഴിയുമായിരുന്നു. ജനിപ്പാൻ കൊട്ടാരം തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ സാധാരണക്കാരിൽ സാധാരണക്കാരനായി യേശു ഈ ഭൂമിയിൽ ജനിച്ചു, ജീവിച്ചു. ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നവർ, കർത്താവിന്റെ വേല അല്ല ചെയ്യുന്നത്. തീർച്ച.

6:6 There is great gain in Godliness with contentment.

Heb 13:5 നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ. ഞാൻ നിന്നെ ഒരു നാളും ഉപേക്ഷിക്കയില്ല. കൈവിടുകയുമില്ല എന്ന് അവൻ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.

ദ്രവ്യാഗ്രഹം - ദൈവഭക്തിയുമായി ചേർന്നു പോകയില്ല.

ദൈവഭക്തി - ഇതു ഒരിക്കലും ആദായം ഉണ്ടാക്കാനുള്ള മാർഗ്ഗവും അല്ല.

fleettech@gmail.com

കപടഭക്തിക്കാർക്കു മാത്രമെ ദൈവഭക്തി നടിച്ച് അതിലൂടെ ആദായം ഉണ്ടാക്കാൻ കഴിയുള്ളു. എന്നാൽ നേരെ മറിച്ച് – ദൈവഭക്തി അതിൽ തന്നെ വിലയേറിയത്. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവത്തെ വാസ്തവമായി ബഹുമാനിക്കുന്നവൻ സാക്ഷാൽ സമ്പന്നൻ തന്നെ ആകുന്നു. കാരണം, ദൈവം സമ്പന്നൻ അത്രെ.

Phil 4:11, 12 ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നത്. ഉള്ള അവസ്ഥയിൽ അലംഭാവത്തോടെ ഇരിപ്പാൽ ഞാൻ പഠിച്ചിട്ടുണ്ട്.

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.

1Cor 9:8, 9 നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകി വരുമാറു നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു. “അവൻ വാരി വിതറി ദരിദ്രന്മാർക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു” എന്ന് എഴുതിയിരിക്കുന്നുവല്ലോ.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ദൈവം തമ്പുരാൻ നൽകുന്ന തൃപ്തി – പൂർണ്ണ തൃപ്തി ഭൗതീക സമ്പത്തിനെ ആശ്രയിച്ചല്ല ഇരിക്കുന്നത്.

ദൈവം എന്റെ സ്നേഹിതൻ എങ്കിൽ എനിക്ക് എന്തിലാണു ആവശ്യമുള്ളത്.

He can fill all my Needs

He can fill all my “EMPTY VESSELS”

He can shower blessings on me

He can meet any Need in my life.

കാപട്യത്തിലൂടെ, കപടഭക്തിയിലൂടെ ദ്രവ്യാഗ്രഹത്തിലൂടെ ആദായം ഉണ്ടാക്കേണ്ട ആവശ്യം എനിക്കില്ല. യഥാർത്ഥ ദൈവഭക്തി ഒരിക്കലും ആദായ സൂത്രം ആകയില്ല. നേരെ മറിച്ച്, കപടമായ ഭക്തി മനുഷ്യർ ആദായത്തിനായി ഉപയോഗിക്കുന്നു. ഈ തിരിച്ചറിവ് ഓരോ ദൈവപൈതലിനും ഉണ്ടാകട്ടെ. കപടഭക്തിയിലൂടെ, കാപട്യത്തിലൂടെ, ദ്രവ്യാഗ്രഹത്തിലൂടെ ആദായം ഉണ്ടാക്കുന്നവർ ദൈവത്തിൽ നിന്നും ശിക്ഷവാങ്ങും എന്നതിനു തർക്കം ഇല്ല.

6:7, 8 ഈ വാക്യങ്ങൾ ഒരു ആദർശപ്രഖ്യാപനം എന്നു പറയാം. ഇതൊരു യഹൂദാ പാരമ്പര്യ ജീവിത തത്വം എന്നും പറയാം.

പല വചനഭാഗങ്ങളും ഇതിനു തുണനിൽക്കുന്നു.

Job 1:21 നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നു പുറപ്പെട്ടു വന്നു. നഗ്നനായി ത്തന്നെ മടങ്ങിപ്പോകും. യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

Ecc 5:15 അവൻ അമ്മയുടെ ഗർഭത്തിൽ നിന്നു പുറപ്പെട്ടു വന്നതുപോലെ നഗ്നനായിത്തന്നെ മടങ്ങിപ്പോകും. തന്റെ പ്രയത്നത്തിന്റെ ഫലമായിട്ടു അവൻ കയ്യിൽ ഒരു വസ്തുവും കൊണ്ടുപോകയില്ല.

Luke 12:16-21 (ധനവാനായ മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞ കഥ)

ധനസമൃദ്ധി നല്ലതു. എന്നാൽ അതു ദൈവനാമ മഹത്വത്തിനുവേണ്ടി ഉപയോഗിക്കണം. ദൈവം തമ്പുരാൻ നൽകുന്നതിനെ സ്തോത്രത്തോടെ, നന്ദിയോടെ, വിനയത്തോടെ വേണം ഉപയോഗിക്കാൻ.

ഉണ്ണാനും ഉടുക്കുവാനും നമുക്ക് ഭൗതീക നന്മകൾ വേണം എന്നതു തമ്പുരാന് അറിയാം. ഭക്ഷണം, വീട്, വസ്ത്രം, അങ്ങനെ എല്ലാ മനുഷ്യർക്കും അത്യാവശ്യം ആയിരിക്കുന്നതു വിശ്വാസികൾക്കും ആവശ്യം. അതു തരുവാൻ ദൈവം ശുഷ്കാന്തിയുള്ളവൻ. എന്നാൽ ദൈവം നമ്മിൽ ശ്രദ്ധിച്ചു നോക്കുന്നു– നാം തൃപ്തിയുള്ളവരോ?

Math 6:32, 31 (നാം എന്തു തിന്നും, എന്തു കുടിക്കും, എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. സ്വർഗ്ഗസ്ഥനായ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം

www.gospelsajacobsreviews.com

fleettech@gmail.com

എന്ന് അറിയുന്നുവല്ലോ.

3John 2 പ്രിയനെ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും, സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വിശ്വാസിയേ, നമ്മുടെ ഹൃദയം സന്തോഷിക്കട്ടെ. നാം തൃപ്തിയുള്ളവരായി ഇരിക്കണം. അതാണു ദൈവഹിതം. Be content in what God has provided for our Lives.

6:9, 10 8-ാം വാക്യത്തിൽ നാം കണ്ടത്, സന്തോഷിക്കുന്ന വിശ്വാസിയെ, ഉണ്ണാനും ഉടുക്കാനും ദൈവം തന്നിരിക്കുന്നു. അതിൽ തൃപ്തിയായിരിക്കുന്നു. അത്യാഗ്രഹം അല്പംപോലും ഏശാതെ സന്തോഷിക്കുന്ന വിശ്വാസി.

ഈ അനുഭവത്തിന്റെ നേരെ എതിരാണ് ദ്രവ്യാഗ്രഹം ഉള്ള വിശ്വാസിയുടെ അനുഭവം. അവന്റെ ഹൃദയത്തിൽ തൃപ്തിയില്ല. "Contentment" എന്തെന്ന് അറിയുന്നില്ല. ധനവാനായി തീരുവാനുള്ള അമിതമായ മോഹം അവനെ കാർന്നു തിന്നുന്നു. എങ്ങനെയെങ്കിലും ധനം സമ്പാദിക്കണം. ധനികൻ ആകാനുള്ള ആവേശം. ഈ മോഹം എവിടേക്കു നയിക്കും എന്നറിയാമോ? നാനാ വിധ പരീക്ഷയിലേക്ക്, വഞ്ചനയിലേക്ക്, ഭോഷത്വത്തിലേക്ക്, നാശത്തിലേക്കു തള്ളിയിടുന്ന ജഡിക അഭിലാഷങ്ങളിലേക്ക്.

ദൈവം വെറുക്കുന്ന പല ദോഷപ്രവൃത്തിയിലേക്കും വിശ്വാസി അകപ്പെടുന്നു - കാരണം -ദ്രവ്യാഗ്രഹം (Temptation, Trap, Many foolish and harmful desires)

ഈ വാക്യങ്ങളിൽ വി. പൗലൂസ് വ്യക്തിപരമായി ഇത്തരം പരീക്ഷണങ്ങളിൽ വീണ് വിശ്വാസം തകർന്ന ചില വ്യക്തികളെ ആണ് സൂചിപ്പിക്കുന്നത്.

ധനമോഹത്താൽ അവർ വിശ്വാസം വിട്ടകന്നു. ലഭിച്ച ആത്മീക അനുഗ്രഹം ഒക്കെ നഷ്ടപ്പെടുത്തി. ജീവിതം തന്നെ ബഹുദുഃഖങ്ങളിൽ മുങ്ങിപ്പോയിരിക്കുന്ന അവസ്ഥ. അവരുടെ ആത്മീക നഷ്ടം എത്രയോ വലുത്.

1 Tim 6:11-21 **FINAL CHARGE TO TIMOTHY**

(A) 1 Tim 6:11-16 Exhortation to Godliness

വി.പൗലൂസ് ഇപ്പോൾ നേരിട്ട് തിമൊഥിയെ ഉപദേശിക്കുന്നു. നീയോ, ദൈവത്തിന്റെ മനുഷ്യാ... (But you man of God!!) അത് വിട്ട് ഓടുക (Flee from all these things) ദ്രവ്യാഗ്രഹം വിട്ട് ഓടുക.

സകല ദോഷത്തിനും മൂലകാരണമായ ദ്രവ്യാഗ്രഹം വിട്ട് ഓടുക.

എന്നിട്ട് എന്തിനെ പിൻപറ്റണം? നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത ഈ വക പിന്തുടരുക.

(Godliness, faith, Love, Patience, gentleness)

ഏതു പ്രതികൂല സാഹചര്യത്തിലും സ്ഥിരതയോടെ നിൽപ്പാനുള്ള ശക്തി ഇതിലുണ്ട്. (You must endure all circumstances)

തളരാതെ, തകരാതെ, വീഴാതെ നിൽപ്പാനുള്ള ബലം നിനക്കുണ്ടായിരിക്കണം. ചുരുക്കത്തിൽ പറഞ്ഞാൽ ആത്മാവിന്റെ ബലം ഓരോ വിശ്വാസിയും പുറപ്പെടുവിക്കണം. (Ref Gal 5:22-23)

Ref Gal 5:22-23 *ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.*

6:12 **FIGHT THE GOOD FIGHT OF FAITH**

1 Athlet 2) Soldier (1Tim 1:18) കായികതാരം, സൈനികൻ. രണ്ടിനും വേണം Descipline & Training.

വിശ്വാസത്തിൽ മുന്നോട്ടുപോകണമോ - യുദ്ധം ചെയ്യണം.

www.gospel.sajacobsreviews.com
fleettech@gmail.com

ലക്ഷ്യം എന്താണ് - നിത്യജീവൻ: അതുകിട്ടാനായി യുദ്ധം ചെയ്യാനല്ല - അതുള്ളതിനാൽ Fight ചെയ്യുക. നിത്യജീവനെ പിടിച്ചു കൊള്ളുക. Lay hold on eternal life.

കർത്താവിൽ ആയിത്തീർന്ന ഓരോ വിശ്വാസിയും നിത്യജീവന്റെ അവകാശി ആയിത്തീർന്നിരിക്കുന്നു. Not later -But now itself. (ആകും എന്നല്ല. ആകുന്നു. ആയിരിക്കുന്നു.)

2 Cor 4:10-12

2 Cor 4:10-12 *യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിനു ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശുനിമിത്തം മരണത്തിൽ ഏൽപ്പിക്കപ്പെടുന്നു. അങ്ങനെ ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു.*

ഇതാണു പുതിയ ജീവൻ New life in Christ. 2Cor 5:17 പുതിയ സൃഷ്ടി

2Cor 5:17 *ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.*

Rom. 6:4 സ്നാനത്തിലൂടെ നാം ഈ പുതുജീവനെ സാക്ഷിക്കുന്നു.

Rom 10:9-10 വചനത്തിലൂടെ നാം പുതുജീവനെ സാക്ഷിക്കുന്നു.

Timothy's good confession =(a) Ordination in the presence of many witness

(b) Baptism in the presence of many witness

6:13, 14 തിമൊഥിക്കുള്ള വ്യക്തിപരമായ ഉപദേശങ്ങളാണിവ: I charge you: എന്നും പറഞ്ഞാണിതാരംഭിക്കുന്നത് ഈ ലേഖനം നിറച്ചും ഇതു കാണും 1:3, 4:11, 5:7, 6:14

"പൊന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സ്വീകാര്യം കഴിച്ച ക്രിസ്തുയേശു"- ഇത് അന്നു Apostle's creed -പിൻകാലത്ത് വിശ്വാസപ്രമാണത്തിൽ സ്ഥാനം പിടിച്ച ശൈലി തന്നെ-

"പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ"

എന്താണ് ഉപദേശത്തിന്റെ Content:

Tim 6:11 ൽ പറഞ്ഞ

1 Keep this commandment without spot or blame: ഈ ലേഖനത്തിൽ തിമൊഥിയോസിനെ ഭരമേല്പിച്ച സകല ഉപദേശങ്ങളും സകല commandment ഉം നിഷ്കളങ്കനും, നിരപവാദ്യനുമായി, പാലിക്കണം.

Without stain or reproach: മാലിന്യംകൂടാതെ, ഒട്ടുംതന്നെ കലർപ്പില്ലാതെ പാലിക്കണം കർത്താവിന്റെ പ്രത്യക്ഷതവരെയും തന്നെ. ഈ വിശ്വാസത്തിന്റെ പോരാട്ടം അന്നുവരെയും ഉണ്ട്.

Timothy യ്ക്കു കൊടുത്ത ഉപദേശം ഇന്നു നമ്മോടും ആജ്ഞാപിക്കുന്നു. നല്ല പോർ പൊരുതുക.

Fight a Good Fight of faith. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക.

1Tim. 6:15-16 സർവ്വശക്തനായ ദൈവത്തെ വി.പൗലൂസ് വെളിപ്പെടുത്താനുപയോഗിച്ചിരുന്ന വാക്കുകൾ ഒന്നു ശ്രദ്ധിക്കാം.

ധന്യനായ ഏകാധിപതി. the blessed and only Potentate: The ultimate ruler of the universe.

സകലത്തെയും ഭരിക്കുന്ന സർവ്വശക്തനാം ദൈവം.

സകലവും അവന്റെ നിയന്ത്രണത്തിൽ.

Ps 19:1 ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.

www.gospelsajacobsreviews.com

fleettech@gmail.com

ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല.

യാതൊരു Disobedience ഉം ഇല്ല. ഒരു എതിർപ്പും ഇല്ല. സകലതും അവന്റെ ആജ്ഞ അനുസരിക്കുന്നു.

അവൻ ധന്യനാണ്. അവൻ ഏകനാണ്. അവൻ അധിപതിയാണ്.

നമ്മുടെ രക്ഷകനായിത്തീർന്ന ഈ മഹാദൈവം എത്ര വലിയവൻ. എത്ര ശ്രേഷ്ഠൻ

സകല സ്തുതിക്കും സകല സ്തോത്രത്തിനും യോഗ്യൻ കർത്താവുതന്നെ.

Daniel 2:47 — രാജാധി രാജാവ് King of Kings. Ruler over all Rulers.

ദൈവാധി ദൈവവും രാജാധി രാജാവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നു.

Daniel 4:17 — അത്യുന്നതനായാൽ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും......

കർത്താധികർത്താവ് Lord of Lords പ്രഭുക്കന്മാരുടെ പ്രഭു

Rev. 17:14, 19:6 — താൻമാത്രം അമർത്യതയുള്ളവനും. The only eternal one. നിത്യനായ യഹോവ. ആദിയും അന്തവും Alfa & Omega.

Rev.22:13 dwelling in the light where no man can approach

അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ. Dwelling in the light, where no man can approach

John 1:18, 1John 1:5, John 8:12

John 1:18 — *ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.*

1John 1:5 — *ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു.*

John 8:12 — *യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു.*

മനുഷ്യൻ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനും. where no man can see [John1:18]

ഇത്ര അത്ഭുതവാനാം ദൈവം തക്കസമയത്ത് തന്റെ പ്രത്യക്ഷത വരുത്തും. വി.പൗലൂസ് തന്റെ ജീവിതകാലത്ത് കർത്താവിന്റെ മടങ്ങിവരവു കാത്തും കാംക്ഷിച്ചും ഇരുന്ന പ്രത്യാശിയായിരുന്നു. എന്നാൽ തന്റെ നിര്യാണകാലം സമീപിച്ചു എന്നു മനസ്സിലാക്കിയ പൗലൂസ്, ഒരു കാര്യം Timothy യെ ഭരമേൽപ്പിക്കയാണ്:- God has the Time in his Hands: തക്കസമയത്ത് ദൈവം തന്റെ പ്രത്യക്ഷത വരുത്തും. അതുവരെ കാത്തിരിക്കുക. Leave it to Him to make it happen at His appointed time.

LORD deserves awesome reverence combined with complete humility.

Job. 42:1-6

To him be honour and might for ever: Amen അവനു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ Amen

1Tim. 1:17 (അക്ഷയനും അദൃശ്യനുമായ ഏകദൈവം..............)

1Tim. 6:17 — Instructions for the rich 6:17-19

1Tim. 6:3-10 വരെ വി. പൗലൂസ് പ്രബോധിപ്പിച്ചത് ധനവാന്മാരെയല്ല. ധനം ഇല്ലാത്തവരെയാണ്. ധനമില്ല എന്നതു ശരി പക്ഷെ ധനികർ ആകാനുള്ള ആഗ്രഹം (അതിയായ ആഗ്രഹം) ഉള്ളവരെയാണ്. Who did not posses wealth but who deeply desired it. ഇവിടെ Address ചെയ്യുന്നത് ധനം ഉള്ളവരെയാണ്. To the rich: ധനം ഉള്ളവരുടെ

www.gospel.sajacobsreviews.com

fleettech@gmail.com

Attitudes ഏതു പ്രകാരം ആയിരിക്കണം?

1 ഉന്നതഭാവം കൂടാതെയിരിക്കണം. Not to be arrogant [1 Cor 4:7-8, 1 Sam 2:7, 2:8]

1 Cor 4:7-8 *നിന്നെ വിശേഷിപ്പിക്കുന്നതു ആർ? ലഭിച്ചതല്ലാതെ നിനക്കു എന്തുള്ളു? ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നതു എന്തു? ഇത്ര ക്ഷണത്തിൽ നിങ്ങൾ തൃപ്തരായി; ഇത്ര ക്ഷണത്തിൽ നിങ്ങൾ സമ്പന്നരായി; ഞങ്ങളെ കൂടാതെ വാഴുന്നവരായി; അയ്യോ, നിങ്ങളോടുകൂടെ ഞങ്ങളും വാഴേണ്ടതിനു നിങ്ങൾ വാണു എങ്കിൽ കൊള്ളായിരുന്നു.*

1 Sam 2:7 *യഹോവ ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നു; അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു.*

1 Sam 2:8 *അവൻ ദരിദ്രനെ പൊടിയിൽനിന്നു നിവിർത്തുന്നു; അഗതിയെ കുപ്പയിൽനിന്നു ഉയർത്തുന്നു; പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നൽകുവാനും തന്നേ. ഭൂധരങ്ങൾ യഹോവെക്കുള്ളവ; ഭൂമണ്ഡലത്തെ അവയുടെ മേൽ വെച്ചിരിക്കുന്നു.*

2 നിശ്ചയമില്ലാത്ത ധനത്തിൽ ആശ്രയിക്കരുത്. Do not put their hope in wealth, which is so uncertain and transient.

3 നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെക്കുക. (Put the hope in God who is the source of all material things)

1Tim 6:18-19 ദൈവം നമുക്കു തരുന്ന ധനം നമുക്കു മാത്രം അനുഭവിപ്പാനുള്ളതല്ല.

അത് ഒരു പരിധിവരെയെങ്കിലും Share ചെയ്യാൻ നാം തയ്യാറാകണം.

We must be generous. We must be willing to share our riches with the poor and needy അതു ചെയ്യാൻ നമുക്കു കഴിഞ്ഞാൽ നാം സ്വർഗ്ഗത്തിൽ നിക്ഷേപം കരുതുന്നവരായിത്തീരും.

ഇത് കർത്താവിന്റെ പർവ്വത പ്രസംഗത്തിന്റെ reflection തന്നെയത്രെ

Math 6:19-21, Luke 12:33-34, Luke 18:22

Math 6:19-21 *പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും.*

Luke.12:33-34 *നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷകൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും.*

Luke 18:22 *യേശു: ഇനി ഒരു കുറവു നിനക്കുണ്ടു; നിനക്കുള്ളതൊക്കെയും വിറ്റു ദരിദ്രന്മാർക്കും പകുത്തുകൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു.*

We exchange the transient with the eternal. താൽക്കാലികമായതിനെ നിത്യമായതുമായി exchange ചെയ്യുന്നു.

-വരും കാലത്തേക്കുള്ള നല്ല ഒരടിസ്ഥാനം.

Math. 7:24-27, Luke 6:47-49

Math. 7:24-27 *ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു*

www.gospel.salacobsreviews.com

*പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരുഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.*

Luke 6:47-49 *എന്റെ അടുക്കൽ വന്നു എന്റെ വചനം കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്നവനോടു തുല്യൻ എന്നു ഞാൻ കാണിച്ചുതരാം. ആഴെക്കുഴിച്ചു പാറമേൽ അടിസ്ഥാനം ഇട്ടു വീടു പണിയുന്ന മനുഷ്യനോടു അവൻ തുല്യൻ. വെള്ളപ്പൊക്കം ഉണ്ടായിട്ടു ഒഴുക്കു വീട്ടിനോടു അടിച്ചു; എന്നാൽ അതു നല്ലവണ്ണം പണിതിരിക്കകൊണ്ടു അതു ഇളകിപ്പോയില്ല. കേട്ടിട്ടു ചെയ്യാത്തവനോ അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടു പണിത മനുഷ്യനോടു തുല്യൻ. ഒഴുക്കു അടിച്ച ഉടനെ അതു വീണു; ആ വീട്ടിന്റെ വീഴ്ച വലിയതുമായിരുന്നു.*

Wealthy Christians must invest their riches for eternity.

(-He is no fool who gives what he cannot keep, to gain what he cannot Lose)

(-നിത്യമായി കൈയിൽ വയ്ക്കാൻ കഴിയാത്തതിനെ കൊടുത്ത് നഷ്ടമാകാൻ കഴിയാത്തതിനെ അഥവാ നിത്യമായി കൈയിൽ വയ്ക്കാൻ കഴിയുന്നതിനെ സ്വന്തമാക്കുന്നവൻ ഭോഷനല്ല)

നശിച്ചു പോകുന്ന ധനത്തോടുള്ള Attachment പലരുടെയും ക്രിസ്തീയ ജീവിതത്തെ ശുഷ്ക്കമാക്കിത്തീർക്കുന്നു. നശിച്ചുപോകുന്നതിനെ സ്വന്തമാക്കി, നിലനിൽക്കുന്നതിനെ നഷ്ടമാക്കുന്നത് ബുദ്ധിയല്ല.

Math. 16:20-21. Exhortations to remain faithful

Guard the deposit. ഉപനിധി കാത്തു കൊള്ളുക. 2Tim 1:12. (ഉപനിധി)

"ക്രിസ്തീയ വിശ്വാസസത്യം" ഇതാണ് ഉപനിധി. ഈ ഉപനിധി കളങ്കം ഏൽക്കാതെ വിശ്വാസസ്ഥിരതയോടെ, അന്ത്യംവരെയും കാത്തു സൂക്ഷിപ്പാൻ വിശ്വാസികളായ നമുക്കും ഇടയാകട്ടെ.

എഫെസൂസിൽ നിലനിന്ന ദുരാചാരം- തർക്കസൂത്രങ്ങൾ. അതിൽനിന്നും ഒഴിഞ്ഞു നിൽക്കുക. ഭക്തിവിരുദ്ധമായ വ്യഥാവാദങ്ങൾ. അതിൽ നിന്നും ഒഴിഞ്ഞുനിൽക്കുക.

ജ്ഞാനം എന്നു പേര് വ്യാജമായി പറയുന്നവ.

[Greek പാരമ്പര്യത്തിൽ വളർന്നുവന്ന "Gnosticism" വി. പൗലൂസ് ഒരു തർക്കമായി കണ്ടു.

ക്രിസ്തീയ വിശ്വാസ സത്യങ്ങൾക്കു കടക വിരുദ്ധമായിരുന്നു അത്തരം പഠിപ്പിക്കലുകൾ]

ചിലര Ephesus ൽ വിശ്വാസം വിട്ടു തെറ്റിപ്പോയിരിക്കുന്നു എന്ന് വ്യക്തമായി പൗലൂസിന് അറിവുകിട്ടി.

-ഈ കാര്യത്തെപ്പറ്റി Timothy യെ അറിയിക്കയാണ് ഈ കത്തിലൂടെ ചെയ്യുന്നത്.

കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ)

✪

★ ★ ★

www.gospelsajacobsreviews.com

fleettech@gmail.com